കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കതിരൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്-2015-16


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:.lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.എൻ.ആർ/സി.9/180/ 2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ.

തീയതി. 8.2.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

കതിരൂർ ഗ്രാമ പഞ്ചായത്ത്

സർ.

വിഷയം :കതിരൂർ ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കതിരൂർ ഗ്രാമ പഞ്ചായ ത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം, പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ( ഇ-മെയിൽ മുഖാന്തിരം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )
3) കാര്യാലയ പ്രതി

നം .കെ.എസ്.എ/കെ.എൻ.ആർ/സി.9/180/2017

തീയ്യതി : 8-2-2017

കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

ഓഡിറ്റിൽ കണ്ടെത്തിയ അപാകതൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | : | ശ്രീ. അശോകൻ മാത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 05.12-2016 മുതൽ 19-12-2016 വരെ | ശ്രീ. ബാബുരാജ് മടപ്രത്ത് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. വിനീത് കുമാർ.കെ.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ജീന.സി.പി | സീനി.ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ കെ.വി.പവിത്രൻ | 01.04.2015 മുതൽ 30/10/2015 വരെ |

| | | |
|---|---|---|
| ഭരണ നിർവഹണസമിതി | 1.ശ്രീ.എൻ.പവിത്രൻ സെക്രട്ടറി<br>2.ശ്രീമതി.പദ്മം.എം.കെ,കൃഷി ഓഫീസർ<br>3.ശ്രീമതി.എ.കെ.രമാബായ്,ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01/11/2015 മുതൽ 11/11/2015 വരെ |
| പ്രസിഡന്റ് | ശ്രീമതി. എം.ഷീബ | 12/11/2015 മുതൽ 31/3/16 വരെ |
| സെക്രട്ടറി | ശ്രീ.എൻ.പവിത്രൻ | 01/04/2015 മുതൽ 31/03/2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥൻ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീകുമാർ മാപ്പിളവളപ്പിൽ | 01/04/15 മുതൽ 31/03/16 വരെ |
| കൃഷി ഓഫീസർ | ലീന.പി | 01/04/15 മുതൽ 31/08/16 വരെ |
| | പദ്മം.എം.കെ. | 01/09/15 മുതൽ 4/12/15വരെ |
| | ബിന്റി ഡാനിയൽ | 05/12/15 മുതൽ 25/02/16 വരെ<br>03/03/16 മുതൽ 31/03/16വരെ |
| | ദീപ.സി | 26/02/16 മുതൽ 2/03/16 വരെ |
| വി.ഇ.ഒ.കതിരൂർ | ഫെമിന ഫ്രാങ്കോ | 01/04/15 മുതൽ 31/03/16 വരെ |
| വി.ഇ.ഒ.പൊന്ന്യം | ബാബു.എം. | 1/04/15 മുതൽ 17/09/15 വരെ |
| | സമീർ.കെ.കെ | 18/09/16 മുതൽ 31/03/16വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | സുമതി.കെ. | 01/04/15 മുതൽ 31/08/15 വരെ |
| | രമാബായ്.എ.കെ. | 01/09/15 മുതൽ 31/03/16 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ.പ്രഭ.പി.കെ | 01/04/15 മുതൽ 31/03/16 വരെ |
| മെഡിക്കൽ ഓഫീസർ GAD | ഡോ.അരുൺ.പി.കെ | 01/04/15 മുതൽ 31/03/16 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ഗീത.പി. | 1/04/15 മുതൽ 19/06/15 വരെ |

| | | |
|---|---|---|
| | ഡോ.ശ്രീജ.വി,എം | 20/06/15 മുതൽ 31/03/16 വരെ |
| ഹെഡ് മാസ്റ്റർ | ശ്യാംകുമാർ.കെ.സി | 01/04/15 മുതൽ 31/03/16 വരെ |
| വെറ്റിനറി സർജൻ | ഡോ.ലക്ഷ്മിപ്രഭ | 01/04/15 മുതൽ 31/03/16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | മുന്ന.പി.സദാനന്ദ് | 01/04/15 മുതൽ 31/08/15 വരെ |
| | ഷീജ.വി.എം | 01/09/15 മുതൽ 31/03/16 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |

| | | | |
|---|---|---|---|
| 11 | വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ് | 2-1 | |
| 12 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി ചുമത്തൽ- പഞ്ചായത്ത് ഫണ്ടിന് 13,781 രൂപയുടെ നഷ്ടം | 2-2 | |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-3 | |
| 14 | ഡി &ഓ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല | 2-4 | |
| 15 | ഡി &ഓ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് | 2-5 | |
| 16 | പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നില്ല | 2-6 | |
| ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 17 | തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് | 3-1 | |
| 18 | ജലനിധി പദ്ധതി - അവലോകനം | 3-2 | |
| 19 | I.A.Yപൂരകധനസഹായം-വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 2,60,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-3 | |
| 20 | അംഗൻവാടികൾ - ഒരവലോകനം | 3-4 | |
| 21 | കന്നുകുട്ടി പരിപാലനം – രേഖകളുടെ അഭാവത്തിൽ ചെലവു തുക 1,25,000 രൂപ തടസ്സപ്പെടുത്തുന്നു | 3-5 | |
| 22 | ശാസ്ത്രീയ തൊഴുത്ത് നിർമാണം - സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുക 20,000 രൂപ തടസ്സപ്പെടുത്തുന്നു | 3-6 | |
| 23 | സാന്ത്വന ചികിത്സ – ഭക്ഷണത്തിൽ അധികച്ചെലവ് | 3-7 | |
| 24 | ഇ.എം.എസ്. ഭവനപദ്ധതി നിർമാണം പൂർത്തിയാക്കാത്തത് | 3-8 | |
| ഭാഗം 4.<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിനിയോഗം | 4-1 | |

| | | | |
|---|---|---|---|
| 26 | ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 30 | ഓഡിറ്റ് റിക്കവറി | 4-6 | |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 26.3.15 ന്റെ 40 /2015 നംപർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| | ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം | വ്യത്യാസത്തിന്റെ ശതമാനം |
|---|---|---|---|---|
| മുന്നിരിപ്പ് | 30,58,300 | 2,46,59,730 | (+)2,16,01,430 | (+)706.32 |
| വരവ് | 11,35,11,428 | 5,27,83,072 | (-)6,07,28,356 | (-)53.5 |
| ആകെ | 11,65,69,728 | 7,74,42,802 | (-)3,91,26,926 | (-)33.57 |
| ചെലവ് | 11,38,56,700 | 6,27,94,234 | (-)5,10,62,466 | (-)44.85 |
| നീക്കിയിരിപ്പ് | 27,13,028 | 1,46,48,568 | (+)1,19,35,540 | (+)439.93 |

ബജറ്റ് പ്രകരമുള്ള പ്രതീക്ഷിത വരവു ചെലവുകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമാണുള്ളത്. ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകളുടെ സാധ്യതകൾ യഥാതഥമായി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 2,46,59,730.95 |
| വരവ് | 5,27,83,072 |
| ആകെ | 7,74,42,802.95 |
| ചെലവ് | 6,27,94,234 |
| നീക്കിയിരിപ്പ് | 1,46,48,568.95 |

## 1-3 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2015-16 | 31-7-2016 | 04.07.2016 | തിരിച്ചയച്ചിട്ടില്ല | വിശേഷണങ്ങളോട് കൂടിയത് |

അപാകങ്ങൾ

1)2015-16 വർഷത്തിലെ ബി -11 പട്ടികയിലെ ആസ്തി സംബന്ധിച്ച വിശദവിവരം പരിശോധിക്കുന്നതിന് ആവശ്യമായ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 17,52,050 | 81,48,220 | 1,14,40,326 | 1,14,40,326 | 15,40,056 | - | 100 |
| വികസനഫണ്ട് എസ്.സി.പി. | 3,92,153 | 7,19,000 | 11,11,153 | 8,09,000 | (-)3,02,153 | - | |
| വികസനഫണ്ട് ടി.എസ്.പി. | | 31,000 | 31,000 | 31,000 | | - | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 1,03,543 | 38,25,548 | 39,29,091 | 39,29,091 | | - | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5,04,325 | 15,76,039 | 20,80,364 | 20,80,364 | | - | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3,24,985 | 28,56,665 | 31,81,650 | 24,45,563 | (-)7,36,087 | - | 100 |
| പെർഫോമൻസ് ഗ്രാന്റ് | 27,89,000 | 5,01,816 | 32,90,816 | 27,89,000 | (-)5,01,816 | - | |
| എം.എൻ.ആർ.ഇ.ജി.എസ്. | | 52,52,353 | 52,52,353 | 52,52,048 | | 305 | |
| ബി ഫണ്ട് | - | 2,41,93,969 | 2,41,93,969 | 2,41,93,969 | | - | 100 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 130 | 105 | 4,05,19,384 | 3,13,29,156 | 2 | 23 | 80.76 |

## 1-6 പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

തനത് വരുമാനത്തിൽ മുൻ വർഷത്തേക്കാൾ 0.93% ത്തിന്റെ കുറവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 36,40,455 | 31,68,902 | (-)4,71,553 | (-)12.95 |
| നികുതിയേതര വരവുകൾ | 9,25,049 | 12,16,418 | (+) 2,91,369 | (+)31.50 |
| മറ്റുവരവുകൾ | 1,47,398 | 2,83,718 | (+)1,36,320 | (+)92.48 |
| ആകെ | 47,12,902 | 46,69,038 | (-)43,864 | (-)0.93 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,93,800 | 118 |
| കർഷകതൊഴിലാളി പെൻഷൻ | 23,73,540 | 353 |
| വിധവാപെൻഷൻ | 68,31,720 | 887 |
| വാർദ്ധക്യകാലപെൻഷൻ | 91,26,990 | 1551 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 26,01,560 | 268 |
| 50വയസ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 28,31,440 | 321 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,90,000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16/12/2016 ന് 3.15p.m മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 19,206/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.10.2014 മുതൽ 4.11.2014 വരെ | 2009-10 മുതൽ 2013-14 വരെ | 09.12.2014 |
| പെർഫോമൻസ് ഓഡിറ്റ് | 26.11.2016 | 1.7.2016 മുതൽ 30.9.2016 വരെ | ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്

2015-16 വർഷം അവസാനിക്കുമ്പോൾ ഗ്രാമ പഞ്ചായത്തിൽ വസ്തു നികുതി ഇനത്തിൽ വൻ തുക കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. തൻ വർഷ ഡിമാന്റിൽ 77% തുകയാണ് പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. വസ്തുനികുതി ഇനത്തിൽ ആകെ 10,43,101.80 രൂപ (കുടിശ്ശിക - 5,49,873+തൻ വർഷം - 4,93,228) കുടിശ്ശികയായി നില നിൽക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വരുമാന ഇനമായ വസ്തുനികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ ഉണ്ടായ ജാഗ്രതക്കുറവ് പരിഹരിക്കേണ്ടതും വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. കൂടാതെ നികുതി ആദ്യമായി ഡിമാന്റ് ചെയ്യേണ്ട തീയതി മുതൽ 3 വർഷം പിന്നിടുന്നതോടെ നികുതികൾ പിരിച്ചെടുക്കാൻ കഴിയാത്ത വിധം കാലഹരണപ്പെടുന്നതാണ് എന്ന കാര്യവും ശ്രദ്ധയിൽപ്പെടുത്തുന്നു.(കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 243(1) കാണുക)

## 2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി ചുമത്തൽ - പഞ്ചായത്ത് ഫണ്ടിന് 13,781/- രൂപ വരവു നഷ്ടം

ഗ്രാമപഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ ചില കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തിയതിൽ സംഭവിച്ച അപാകത കാരണം താഴെ സൂചിപ്പിക്കുന്നതു പ്രകാരം നികുതിനഷ്ടം സംഭവിച്ചതായി കാണുന്നു. കേ.പ.രാജ് നിയമം 203ാം വകുപ്പ് പ്രകാരം കെട്ടിടത്തിന്റെ മൊത്തം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടതാണ്. തറവിസ്തീർണം എന്നാൽ കെട്ടിടത്തി ന്റെ തറനിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ) വിസ്തീർണം എന്നാണ് അർത്ഥമാക്കുന്നതെന്നും നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിനുപകരം ഓരോ മുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി നികുതി നിർണയിച്ചതിനാൽ താഴെ വിവരിച്ച പ്രകാരം നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്.

1. കെട്ടിട ഉടമയുടെ പേര് : ശ്രീ. കെ.എം. നാരായണൻ, കോയപ്രത്ത് ഹൗസ്, പൊന്ന്യം പി.ഒ

ഈടാക്കിയ നികുതിയുടെ വിവരങ്ങൾ

| ക്രമ നം | കെട്ടിട നമ്പർ | തറവിസ്തീർണ്ണം(ച.മീ) | അടിസ്ഥാന വസ്തുനികുതി@ 40/- | സേവന നികുതി (10%) | ഗ്രന്ഥശാല വരി (5%) | ആകെ | രസീതി നം |
|---|---|---|---|---|---|---|---|
| 1. | VI/396A VIII/536A | 31.75$m^2$ | 1048 | 105 | 53 | 1,206 | 11501100423 തീ. 21-4-2015 |
| 2. | VI/396B VIII/536B | 31.75$m^2$ | 1048 | 105 | 53 | 1,206 | 11501100424 തീ. 21-4-2015 |
| 3. | VI/396C VIII/536C | 32.63$m^2$ | 1437 | 144 | 72 | 1,653 | 11501100425 തീ. 21-4-2015 |
| 4. | VI/396D VIII/536D | 31.64$m^2$ | 1393 | 140 | 70 | 1,603 | 11501100426 തീ. 21-4-2015 |
| 5. | VI/396E VIII/536E | 15.3$m^2$ | 674 | 68 | 34 | 776 | 11501100427 തീ. 21-4-2015 |
| 6. | VI/396F VIII/536F | 15.3$m^2$ | 674 | 68 | 34 | 1,653 | 11501100428 തീ. 21-4-2015 |
| 7. | VI/396G VIII/536G | 32.63$m^2$ | 1437 | 144 | 72 | 1,653 | 11501100429 തീ. 21-4-2015 |
| 8. | VI/396H VIII/536H | 31.75$m^2$ | 1397 | 140 | 70 | 1,607 | 11501100430 തീ. 21-4-2015 |
| 9. | VI/396I VIII/536G | 31.75$m^2$ | 1397 | 140 | 70 | 1,607 | 11501100431 തീ. 21-4-2015 |
| 7. | VI/396J VIII/536G | 15.51$m^2$ | 684 | 69 | 35 | 788 | 11501100432 തീ. 21-4-2015 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8. | VI/396K<br>VIII/536K | 15.51m$^2$ | 684 | 69 | 35 | 788 | 11501100433<br>തീ.<br>21-4-2015 |
| | | 285.52m$^2$ | | | | 13,364 | |

ഈടാക്കേണ്ട നികുതിയുടെ വിവരങ്ങൾ

| തറവിസ്തീർണ്ണം(ച.മീ) | അടിസ്ഥാന വസ്തുനികുതി@ 60/- | മേഖല അടിസ്ഥാനമാക്കിഇളവ് (10%) | സേവന നികുതി (10%) | ഗ്രന്ഥശാല വരി(5%) | ആകെ |
|---|---|---|---|---|---|
| 285.52 | 17,132 | 1,713 | 1,542 | 771 | 17,732 |

നികുതി നഷ്ടം : 17,732 – 13,364 = 4,368 രൂപ

2. കെട്ടിട ഉടമയുടെ പേര് : ശ്രീ. ഷീജ. പി.വി, മഹിജാസ്, പൊന്ന്യം വെസ്റ്റ് പി.ഒ

ഈടാക്കിയ നികുതിയുടെ വിവരങ്ങൾ

| ക്രമ നം | കെട്ടിട നമ്പർ | തറവിസ്തീർണ്ണം(ച.മീ) | അടിസ്ഥാന വസ്തുനികുതി@ 40/ | സേവന നികുതി (10%) | ഗ്രന്ഥശാല വരി(5%) | ആകെ | രസീതി നം |
|---|---|---|---|---|---|---|---|
| 1. | IX/88A | 32.17m$^2$ | 1,416 | 142 | 71 | 1,629 | 11501102701<br>തീ.11-11-15 |
| 2. | IX/88B | 30.66m$^2$ | 1,350 | 135 | 68 | 1,553 | 11501102702<br>തീ. 11-11-15 |
| 3. | IX/88C | 11.57m$^2$ | 510 | 51 | 26 | 587 | 11501102703<br>തീ. 11-11-15 |
| 4. | IX/88D | 13.34m$^2$ | 587 | 59 | 30 | 676 | 11501102704തീ.<br>11-11-15 |
| 5. | IX/88E | 25.43m$^2$ | 1,119 | 112 | 56 | 1,287 | 11501102705<br>തീ. 11-11-15 |
| 6. | IX/88F | 12.25m$^2$ | 539 | 54 | 27 | 620 | 11501102706<br>തീ. 11-11-15 |
| 7. | IX/88G | 8.48m$^2$ | 374 | 3819 | 19 | 431 | 11501102707 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | തീ. 11-11-15 |
| 8. | IX/88H | 12.05$m^2$ | 531 | 54 | 27 | 612 | 11501102708 തീ. 11-11-15 |
| | | 145.95$m^2$ | | | | 7,395 | |

ഈടാക്കേണ്ട നികുതിയുടെ വിവരങ്ങൾ

| തറവിസ്തീർണ്ണം(ച.മീ) | അടിസ്ഥാന വസ്തുനികുതി@ 60/- | മേഖല അടിസ്ഥാനമാക്കിവർദ്ധനവ് (10%) | സേവന നികുതി (10%) | ഗ്രന്ഥശാല വരി(5%) | ആകെ |
|---|---|---|---|---|---|
| 145.95 | 8,757 | 876 | 963 | 48 | 10,644 |

നികുതി നഷ്ടം :10,644 - 7,395= 3,249 രൂപ

3. കെട്ടിട ഉടമയുടെ പേര് : പ്രസിഡന്റ്, ഹിദായത്തുൾ ഇസ്ലാം ജമായത്ത് കമ്മിറ്റി പൊന്ന്യം വെസ്റ്റ് പി.ഒ

ഈടാക്കിയ നികുതിയുടെ വിവരങ്ങൾ

| ക്രമ നം | കെട്ടിട നമ്പർ | തറവിസ്തീർണ്ണം(ച.മീ) | അടിസ്ഥാന വസ്തുനികുതി@ 40/ | സേവന നികുതി (10%) | ഗ്രന്ഥശാല വരി(5%) | ആകെ | രസീതി നം |
|---|---|---|---|---|---|---|---|
| 1. | XII/136A | 138.94$m^2$ | 8,337 | 834 | 417 | 9,588 | 11501103228 തീ. 17-12-2015 |
| 2. | XII/136B | 15.98$m^2$ | 768 | 77 | 39 | 884 | 11501103229 തീ. 17-12-2015 |
| 3. | XII/136C | 15.98$m^2$ | 768 | 77 | 39 | 884 | 11501103230 തീ. 17-12-2015 |
| 4. | XII/136D | 15.98$m^2$ | 768 | 77 | 39 | 884 | 11501103231 തീ. 17-12-2015 |
| 5. | XII/136E | 15.98$m^2$ | 768 | 77 | 39 | 884 | 11501103232 തീ. 17-12-2015 |
| 6. | XII/136F | 164.51$m^2$ | 9,378 | 938 | 469 | 10,785 | 11501103233 തീ. 17-12-2015 |
| 7. | XII/136G | 24.53$m^2$ | 1,120 | 112 | 56 | 1,288 | 11501103234 തീ. 17-12-2015 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8. | XII/136H | 24.53m$^2$ | 1,120 | 112 | 56 | 1,288 | 11501103235 തീ. 17-12-2015 |
| 9. | XII/136I | 24.53m$^2$ | 1,120 | 112 | 56 | 1,288 | 11501103236 തീ. 17-12-2015 |
| 10 | XII/136J | 24.53m$^2$ | 1,120 | 112 | 56 | 1,288 | 11501103237 തീ. 17-12-2015 |
| 11 | XII/136K | 12.15m$^2$ | 526 | 53 | 27 | 606 | 11501103238 തീ. 17-12-2015 |
| 12 | XII/136L | 13.98m$^2$ | 605 | 61 | 31 | 697 | 11501103239 തീ. 17-12-2015 |
| | | 491.62m$^2$ | | | | 30,364 | |

ഈടാക്കേണ്ട നികുതിയുടെ വിവരങ്ങൾ

| തറവിസ്തീർണ്ണം(ച.മീ) | അടിസ്ഥാന വസ്തുനികുതി@ 60/- | മേഖല അടിസ്ഥാനമാക്കിവർദ്ധനവ് (10%) | സേവന നികുതി (10%) | ഗ്രന്ഥശാല വരി(5%) | ആകെ |
|---|---|---|---|---|---|
| 491.62 | 29,497 | 2,950 | 3,245 | 1,622 | 37,314 |

നികുതി നഷ്ടം : 37,314 – 30,364 = 6,950 രൂപ

ആകെ നികുതി നഷ്ടം= 13,781 രൂപ

നികുതി നിർണ്ണയിച്ചത് പരിശോധിച്ച് നഷ്ടം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയില്ല

പാരാ മെഡിക്കൽ സ്ഥാപനങ്ങൾ നടത്തുന്ന താഴെ പറയുന്ന വ്യക്തികളിൽ നിന്നും 2015-16 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

(1) കെ. ശൈലജ രാമദാസ്, കുളങ്ങരക്കണ്ടി ഹൗസ്, പി.ഒ കതിരൂർ (3/197)

(2) ഡോ. പി.കെ.ചന്ദ്രൻ, ഹരിശ്രീ, വേറ്റുമ്മൽ, പി.ഒ. കതിരൂർ (4/270)

മേൽപറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവു വെയ്ക്കേണ്ടതാണ്

## 2-4 D & O ലൈസൻസ് ഫീസ് ഈടാക്കിയില്ല

താഴെ പറയുന്ന വ്യക്തികളിൽ നിന്നും 2015-16 സാമ്പത്തിക വർഷം D & O ലൈസൻസ് ഈടാക്കിയില്ല.

(a) കെ. ശൈലജ രാമദാസ്, കുളങ്ങരക്കണ്ടി ഹൗസ്, പി.ഒ കതിരൂർ (3/197)
(ലാബ് ക്ലിനിക്ക്)

(b) ഡോ. പി.കെ.ചന്ദ്രൻ, ഹരിശ്രീ, വേറ്റുമ്മൽ, പി.ഒ. കതിരൂർ (4/270)
മെഡിക്കൽ ക്ലിനിക്ക്)

(c) ഡോ. സുഹാസിനി, ശ്രേയസ്സ് ഹോസ്പിറ്റൽ, പി. ഒ. കതിരൂർ (13/537)

മേൽ സൂചിപ്പിച്ച വ്യക്തികളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവു വെക്കേണ്ടതാണ്.

## 2-5 <u>D & O ലൈസൻസ് ഈടാക്കിയതിൽ കുറവ</u>

താഴെ പറയുന്ന വ്യക്തികളിൽ നിന്ന് D & O ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു.

| അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യം | പ്രതിദിന വരുമാനം (അന്വേഷണ റിപ്പോർട്ട്/ അപേക്ഷ പ്രകാരം) | ഈടാക്കിയ ഫീസ്/ രസീതി നം. തീയ്യതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| വയലമ്പ്രോൻ മോഹനൻ, ചെട്ടിയാന്റവിട, കോട്ടയാം പൊയിൽ പി.ഒ | അലുമിനിയം ഫാബ്രിക്കേഷൻ | 15,000/- | 65/-<br>11501100756<br>7/5/2015 | 300 | 235 |
| ജീജ ആനന്ദ്, താഴെ പുതിയ വീട്, കതിരൂർ പി.ഒ | സ്റ്റേഷനറി | 3,000/- | 65/-<br>11501100900<br>22/5/2015 | 100 | 35 |
| പുരുഷു. എം. ധന്യം, കോഴൂർ P.O എരുവട്ടി | സിമെന്റ് സ്റ്റോക്ക് ചെയ്തു വില്പന | 6,000/- | 150/-<br>11501100840<br>15/5/2015 | 200/- | 50 |
| ആകെ | | | | | 320 |

മേൽ വ്യക്തികളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി പഞ്ചായത്ത് പറമ്പിൽ വരവു വയ്ക്കേണ്ടതാണ്.

## 2-6 <u>പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നില്ല</u>

കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ

സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന വ്യക്തികൾ 2015-16 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് പുതുക്കിയതായി കാണുന്നില്ല.

(a) രജിത. കെ.കെ., പൊന്ന്യം വെസ്റ്റ് (6/400A)

(b) ആർ. വിനീത., അനന്താലയം, പി.ഒ. പാറാൽ (3/551)

(c) ശ്രീശാന്ത്. ടി.എസ്, ശ്രീശൈലം, പൊന്ന്യം പി.ഒ (8/538I)

(d) ശൈലജ. കെ, കുളങ്ങരക്കണ്ടി ഹൗസ്, കതിരൂർ പി.ഒ (15/380G)

മേൽ സൂചിപ്പിച്ച വ്യക്തികളിൽ നിന്നും പിഴ സഹിതം ഫീസ് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവു വെക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധിച്ച്

കതിരൂർ ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകൾക്ക് ഭാഗികമായി മാത്രമെ മീറ്റർ സ്ഥാപിച്ചിട്ടുള്ളൂ. മീറ്റർ സ്ഥാപിക്കാത്ത 471 തെരുവുവിളക്കുകൾക്ക് പ്രതിമാസം 38,034 രൂപ വൈദ്യുതി ചാർജിനത്തിൽ ഒടുക്കിവരുന്നു. വിളക്കുകളുടെ ഇനം, എണ്ണം എന്നിവ സംബന്ധിച്ച് K.S.E.B നൽകിയ കണക്കുകൾ (3/2015ൽ തയ്യാറാക്കിയത്) ചുവടെക്കൊടുക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|
| ഓർഡിനറി ബൾബ് | 210 | 61 | 12,810 |
| C.F.L | 52 | 14 | 728 |
| സിംഗിൾ CFL ട്യൂബ് | 72 | 61 | 4,392 |
| ഡബിൾ CFL ട്യൂബ് | 99 | 124 | 12,276 |
| സോഡിയം വേപ്പർ ലാമ്പ് | 38 | 206 | 7,828 |
| ആകെത്തുക | | | 38,034 |

ഇതിൽ പ്രതിമാസം 7,828 രൂപയുടെ വൈദ്യുതിചാർജ്ജീടാക്കിവരുന്ന സോഡിയം വേപ്പർ ലാമ്പ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്ന കാര്യത്തിൽ പഞ്ചായത്തിന് നിശ്ചയമില്ല. ശരാശരി 3 മാസം മാത്രം ആയുസ്സുള്ള ഓർഡിനറി ബൾബുകൾ 210 എണ്ണത്തിന് പ്രതിമാസം 12,810 രൂപയാണ് ഒടുക്കിവരുന്നത്. തെരുവുവിളക്കുകളുടെ സംയുക്തപരിശോധന നടത്താൻ K.S.E.B – യോടാവശ്യപ്പെട്ടെങ്കിലും സംയുക്ത പരിശോധന നടത്തിയിട്ടില്ല. അടിയന്തിരമായി സംയുക്തപരിശോധന നടത്തി പ്രകാശിക്കാത്ത വിളക്കുകൾക്ക് ചാർജ്ജൊടുക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സോഡിയം വേപ്പർ ലാമ്പ്, ഓർഡിനറി ബൾബ് എന്നവയ്ക്കു പകരം ഊർജ്ജക്ഷമത കൂടിയ L.E.D വിളക്കുകൾ സ്ഥാപിച്ചാൽ വൈദ്യുതിചാർജിനത്തിലുള്ള ചെലവ് ഗണ്യമായി കുറയ്ക്കാവുന്നതാണ്. എന്നാലിതേവരെ ഇത്തരത്തിലൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

## 3-2 ജലനിധി പദ്ധതി- അവലോകനം

2013 ജനവരി മാസത്തിലാണ് കതിരൂർ ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതി പ്രവർത്തനമാരംഭിച്ചത്. 7 പദ്ധതികളിലായി ആകെ 1,444 കുടുംബങ്ങളാണ് ഗുണഭോക്താക്കളായുള്ളത്. പദ്ധതികളുടെ വിവരങ്ങൾ ചുവടെക്കൊടുക്കുന്നു.

| നമ്പർ | പദ്ധതിയുടെ പേര് | ഉൾപ്പെടുന്ന വാർഡുകൾ | അടങ്കൽ തുക |
|---|---|---|---|
| 1 | കുണ്ടുചിറ പുനരുദ്ധാരണപദ്ധതി | 9,10,11 | 14,80,000 |
| 2 | പുല്ല്യോട് ലക്ഷംവീട് പുനരുദ്ധാരണ പദ്ധതി | 1 | 11,19,122 |
| 3 | പറാംകുന്ന് ശുദ്ധജലവിതരണപദ്ധതി | 8,9,12 | 52,00,835 |
| 4 | വണ്ണാത്തിക്കുളം ശുദ്ധജലവിതരണപദ്ധതി | 2,3 | 74,41,000 |
| 5 | ചാടാലപ്പുഴ ശുദ്ധജലവിതരണ പദ്ധതി | 1,6,8,12,13,14,15,16,17,18 | 2,69,27,670 |
| 6 | പടിക്കലേറ്റി ശുദ്ധജലവിതരണ പദ്ധതി | 8,9,10,11,12 | 24,78,307 |
| 7 | വയലിൽപീടിക ശുദ്ധജലവിതരണ പദ്ധതി | 4,5,15 | 70,52,000 |

മുകളിൽ കാണിച്ചിരിക്കുന്ന പദ്ധതികളിൽ ഏഴാം നമ്പർ പദ്ധതിയായ വയലിൽപീടിക ഒഴികെയുള്ള പദ്ധതികൾ പൂർത്തീകരിച്ച് ജലവിതരണം നടത്തിവരുന്നുണ്ട്. കമ്മീഷൻ ചെയ്ത പദ്ധതികളുടെ അവസാനമൂല്യനിർണയവും കണക്കുതീർപ്പാക്കൽ പ്രക്രിയകളും ഇപ്പോൾ പൂർത്തീകരിച്ചുവരികയാണെന്നും ആയവ പൂർത്തീകരിക്കുന്നതോടുകൂടി ആസ്തിരജിസ്റ്ററിലുൾപ്പെടുത്തുന്നതാണെന്നും അറിയിച്ചുണ്ട്.

## 3-3 I.A.Yപൂരകധനസഹായം-വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 2,60,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് : IAY-പൂരകധനസഹായം-ജനറൽ

പ്രോജക്ട് നം : S011/2016

അടങ്കൽ : 2,60,000/- (വികസനഫണ്ട് -ജനറൽ)

നിർവ്വഹണം : വി.ഇ.ഒ

ചെലവ് :

ബിൽ നം.2/15-16തീ. 15-01-2016, തുക : 2,00,000 രൂപ

ബിൽ നം.4/15-16 തീ. 16-01-2016, തുക : 60,000 രൂപ

ഇന്ദിര ആവാസ് യോജന പൂരകധനസഹായമിനത്തിൽ പാനൂർ ബ്ലോക്ക് പഞ്ചായത്തിന് 2,60,000 രൂപ അനുവദിച്ചതിന്റെ രശീതി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഈ തുക വിനിയോഗിച്ചതിന് ബ്ലോക്കുപഞ്ചായത്തിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതുസംബന്ധിച്ച ഓഡിറ്റ്

എൻക്വയറിക്ക് (നം.8 തീ.28-12-2016) മറുപടിയും നൽകിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 2,60,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-4 അംഗൻവാടികൾ-ഒരവലോകനം

കതിരൂർ ഗ്രാമപഞ്ചായത്തിൽ ആകെ 30 അംഗൻവാടികളാണുള്ളത്. ഇവയിലെല്ലാം കൂടി ആകെ 450 കുട്ടികളുണ്ട്. 20 അംഗൻവാടികൾക്കുമാത്രമെ സ്വന്തമായി കെട്ടിടങ്ങളുള്ളൂ. രണ്ട് അംഗൻവാടികൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കിണറുള്ള 2 അംഗൻവാടികളാണുള്ളത്. 8 അംഗൻവാടികൾ കുടിവെള്ളത്തിനായി പൊതുകിണറുകളെയും രണ്ടെണ്ണം കുടിവെള്ളടാപ്പുകളെയും ആശ്രയിക്കുന്നു. 20 അംഗൻവാടികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. എല്ലാ അംഗൻവാടികളിലും ഭക്ഷണം പാകം ചെയ്യാനും വിളമ്പാനുമുള്ള സൗകര്യമുണ്ട്. കുട്ടികളുടെ സുരക്ഷിതത്വത്തിന് ചുറ്റുമതിൽ അത്യന്താപേക്ഷിതമാണെങ്കിലും 16 അംഗൻവാടികളിൽ മാത്രമെ ഈ സൗകര്യമുള്ളൂ. ഒരംഗൻവാടിയിൽ പോലും ശിശുസൗഹൃദ ടോയിലറ്റില്ല. എല്ലാ അംഗൻവാടികളിലും കുട്ടികളുടെ ആവശ്യത്തിനുതകുന്ന കളിപ്പാട്ടങ്ങളുണ്ട്. എല്ലാ അംഗൻവാടികളിലും വെൽഫേർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. THRS പദ്ധതിക്ക് 244 ഗുണഭോക്താക്കളുണ്ട്. അംഗൻവാടികൾ വഴി വിതരണം ചെയ്യുന്ന അമൃതം പൊടി ICDS മുഖേന പരിശോധന നടത്തി ഗുണമേന്മ ഉറപ്പുവരുത്താറുണ്ട്. എല്ലാ അംഗൻവാടിക്കെട്ടിടങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

## 3-5 കന്നുകുട്ടിപരിപാലനം-രേഖകളുടെ അഭാവത്തിൽ ചെലവുതുക 1,25,000 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് : കന്നുകുട്ടിപരിപാലനം

പ്രോജക്ട് നം : S088/2016

അടങ്കൽ : 5,00,000/- {വികസനഫണ്ട് 1,25,000 രൂപ, സംസ്ഥാനവിഹിതം 1,25,000 രൂപ, ഗുണഭോക്തൃവിഹിതം 2,50,000]

നിർവ്വഹണം : വെറ്ററിനറിസർജൻ

ചെലവ് :

ബിൽ നം.2/15-16തീ. 23-03-2016, തുക : 1,25,000 രൂപ

ഈ പ്രോജക്ട് പ്രകാരമുള്ള വികസനഫണ്ട് വിഹിതമായി SLBP ജില്ലാ ഡെപ്യൂട്ടിഡയരക്ടർക്ക് നൽകിയ 1,25,000 രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റിന്റെ പകർപ്പ് വെച്ചിട്ടുണ്ടെങ്കിലും ഈ തുകയുടെ കൈപ്പറ്റുരശീതിയോ നാളിതുവരെയുള്ള വിനിയോഗവിവരമോ ലഭ്യമാക്കിയിട്ടില്ല. ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 1,25,000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ശാസ്ത്രീയ തൊഴുത്ത് നിർമ്മാണം-സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവുതുക 20,000 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് : ശാസ്ത്രീയ തൊഴുത്ത് നിർമ്മാണം

പ്രോജക്ട് നം : SO87/2016

അടങ്കൽ : 20,000/- {ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ് :

ബിൽ നം.1/15-16തീ. 30-01-2016, തുക : 20,000 രൂപ

നിർവ്വഹണം : വെറ്ററിനറിസർജൻ

പ്രോജക്ട് പ്രകാരം 2 ഗുണഭോക്താക്കൾക്ക് ശാസ്ത്രീയതൊഴുത്തുനിർമ്മാണത്തിനുള്ള ധനസഹായമായി 10.000 രൂപാവീതം അനുവദിച്ചിട്ടുണ്ട്. 12-ാം പദ്ധതിമാർഗ്ഗരേഖ [G.O. (M.S) 362/2013 തസ്വഭവ തീ.16-11-2013] പ്രകാരം തൊഴുത്ത് നിർമ്മാണത്തിന് ധനസഹായമനുവദിക്കുമ്പോൾ, കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇതേ സർവ്വേനമ്പറിൽ ഇതേ പുരയിടത്തിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടില്ല എന്നുറപ്പുവരുത്തി വെറ്റിനറിസർജൻ സാക്ഷ്യപ്പെടുത്തണം. ഇതുസംബന്ധിച്ചുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6, തീയതി 26-12-2016) മറുപടി ലഭ്യമാക്കിയിട്ടില്ല. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവുതുകയായ 20,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 സാന്ത്വനചികിത്സ - ഭക്ഷണഇനത്തിൽ അധികചെലവ്

പ്രോജക്ട് നം. S0021/2016 - സാന്ത്വനചികിത്സ

ബിൽ നം. 13/30-03-2016

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 29-10-2015 ലെ ജി.ഒ.(ആർ.ടി) 3217/2015 നമ്പർ ഉത്തരവു പ്രകാരം പാലിയേറ്റീവ് കെയറിന്റെ ഹോംകെയർ ദിനങ്ങളിൽ ഗൃഹസന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് (പരമാവധി 3പേർക്ക്) ആവശ്യമായി വരുന്ന ഭക്ഷണചെലവ് (ഒരാൾക്ക് ഒരു ദിവസം പരമാവധി 60രൂപ) പ്രോജക്ടിൽ വകയിരുത്താവുന്നതും പി.എം.സി യുടെ തീരുമാന പ്രകാരം നൽകാവുന്നതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പരിപാടിയിൽ മേൽ ഉത്തരവിൽ പ്രതിപാദിച്ചതിലും കൂടുതലായി ഭക്ഷണഇനത്തിൽ അധികചെലവ് വരുത്തിയതായി കാണുന്നു. ഉദാഹരണം ചുവടെ;

| തീയ്യതി | പങ്കെടുത്തവരുടെ എണ്ണം | ഭക്ഷണത്തിന് ആകെ ചെലവ് | ചെലവ് (ഒരാൾക്ക് ) ഒരു ദിവസത്തേക്ക് |
|---|---|---|---|
| 26/03/2016 | 4 | 500 | 125 |
| 25/03/2016 | 4 | 500 | 125 |
| 24/03/2016 | 4 | 500 | 125 |
| 23/03/2016 | 5 | 500 | 100 |
| 27/02/2016 | 4 | 500 | 125 |
| 26/02/2016 | 4 | 500 | 125 |
| 17/02/2016 | 4 | 500 | 125 |
| 30/01/2016 | 4 | 400 | 100 |
| 23/01/2016 | 4 | 400 | 100 |

ഭാവിയിൽ ഇത്തരം പരിപാടികൾ നടത്തുമ്പോൾ സർക്കാർ ഉത്തരവിന് അനുസൃതമായി ചെലവ് നടത്തുന്നതിൽ കർശന ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-8 ഇ.എം.എസ് ഭവനപദ്ധതി-ഭവനനിർമ്മാണം പൂർത്തിയാക്കാത്തത്

കതിരൂർ ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഭവനപദ്ധതിയുടെ ഭാഗമായി 2009-10 വർഷം എഗ്രിമെന്റ് വെച്ച് ഭവനനിർമ്മാണമാരംഭിച്ച ചുവടെക്കാണിച്ച ഗുണഭോക്താക്കൾ ഓഡിറ്റുതീയതി വരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചതായിക്കാണുന്നില്ല. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു. .

| ക്രമ നമ്പർ | പേര്, മേൽവിലാസം | വർഷം | നിർമ്മാണ ഘട്ടം | അർഹമായ തുക | നൽകിയ തുക | ബാക്കി തുക |
|---|---|---|---|---|---|---|
| 1 | പി.ജാനകി, മഠത്തിൽ വീട്, പൊന്ന്യം വെസ്റ്റ് | 2009-10 | ലിന്റൽ | 75,000 | 67,500 | 7,500 |
| 2 | എ.വേലായുധൻ, താഴെ കുണ്ടേരി, പുല്യോട്, കതിരൂർ | 2009-10 | മേൽക്കൂര | 75,000 | 52,500 | 22,500 |
| 3 | കെ. സതി, നങ്ങ്യാമ്പറമ്പ്, പുല്യോട് | 2009-10 | -ടി- | 75,000 | 67,500 | |

ഇതുസംബന്ധിച്ചുനൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, ഇതിൽ ഒരു ഗുണഭോക്താവായ പി.ജാനകിയും മകനും മരണപ്പെട്ടതായറിയിച്ചിട്ടുണ്ട്. ഈ ഗുണഭോക്താവിന്റെ അവകാശികളിൽ അർഹതയുള്ള ആരെങ്കിലുമുണ്ടെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്. മറ്റു രണ്ട് ഗുണഭോക്താക്കളും ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്ന കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച തുക | തുക ഒടുക്കിയ വ്യക്തിയുടെ പേരും തസ്തികയും | രശീതി നം, തീയതി |
|---|---|---|---|---|
| 2011-12 | 2-1 | 12,500 | സെക്രട്ടറി,കതിരൂർ സർവീസ് സഹകരണ ബാങ്ക് | 11501102750/16.11.2015 |

| | | | | |
|---|---|---|---|---|
| 2011-12 | 2-1 | 1,950 | ശ്രേയസ് ഹോസ്പിറ്റൽ | 11501102773/18.11.2015 |
| 2011-12 | 2-1 | 5,000 | എം.ഇ.എസ്.പബ്ലിക് സ്കൂൾ | 11501102842/27.11.2015 |
| 2011-12 | 2-1 | 5,000 | മലബാർ ഇംഗ്ലീഷ് സ്കൂൾ | 11501102856/28.11.2015 |
| 2011-12 | 2-1 | 2,500 | തരുവണത്തെരു കിന്റർ ഗാർട്ടൻ | 11501106135/19.3.2016 |
| 2011-12 | 2-1 | 3,030 | ഷൈന.കെ.സീനിയർ ക്ലർക്ക് | 11501102752/17.11.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതും തീർപ്പാക്കാൻ അവശേഷിക്കുന്നതുമായ ഖണ്ഡികകൾ ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| വർഷം | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്* | ₹ | 5,27,83,072 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്* | ₹ | 6,27,94,234 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | 18,091 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 13,781 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 4,05,000 |

*Receipt & Payment Statement പ്രകാരം

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നംപർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 2-1 | 13781 | എൻ. പവിത്രൻ, സെക്രട്ടറി |

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും |
|---|---|---|
| 3-3 | 2,60,000 | വി.ഇ.ഒ.കതിരൂർ |

| | | |
|---|---|---|
| 3-3 | 1,25,000 | വെറ്ററിനറി സർജൻ,കതിരൂർ |
| 3-6 | 20,000 | വെറ്ററിനറി സർജൻ,കതിരൂർ |
| | 4,05,000 | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എൻ. പവിത്രൻ, സെക്രട്ടറി | വിരമിച്ചു | നെല്ലുള്ളതിൽ ഹൗസ്, മനേക്കര പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | എൽ.എഫ്.സി.7/709/05(2) തീയ്യതി.22.02.2008 | 7 | |
| 2000-01 | എൽ.എഫ്.സി.8/1025/03 തീയ്യതി.16.10.2003(പ്ലാൻ) | 11 | |
| 2001-02 | എൽ.എഫ്.സി.7/993/04 തീയ്യതി.17.01.2005 (വാർഷികം) | 5 | |
| 2003-04 | എൽ.എഫ്.കെ.എൻ.ആർ.സി5/1942/11. തീയ്യതി.17.01.2012 | 11 | |

| | | | |
|---|---|---|---|
| 2004-05 | എൽ.എഫ്.കെ.എൻ.ആർ.സി3/2050. തീയ്യതി.13.03.2012 | 13 | |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ.സി.3/2052 തീയ്യതി.12.03.2012 | 13 | |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ.സി.3/1510/2011 തീയ്യതി.14.12.2011 | 17 | |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ.സി3/539/14 തീയ്യതി.13.05.2014 | 06 | |
| 2008-09 | എൽ.എഫ്.കെ.എൻ.ആർ.സി.3/566. തീയ്യതി.07.09.2013 | 15 | |
| 2009-10 2010-11 | എൽ.എഫ്.കെ.എൻ.ആർ.സി.3/1233/13 തീയ്യതി.07.10.2013 | 26 | |
| 2013-14, 2014-15 | കെ.എസ്.എ.കെ.എൻ.ആർ.സി3.1196/16 | 15 | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

# Annexure - 1

# AUDIT CERTIFICATE

No KSA/KNR.C9/180/2017

KERALA STATE AUDIT DEPARTMENT

DISTRICT AUDIT OFFICE,KANNUR

PHONE 0497-2707698

E-mail lfaddistofficeknr@gmail.com

Dated.8.02.2017

Certified that I have audited the Annual Financial Statement of KADIRUR Grama Panchayath in Kannur District for the year ended 31.03.16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion , the Financial Statements of karivellur Peralam l Grama Panchayath for the year 2015-16 except the observations in my audit report properly presents the picture of income and expenditure

Deputy Director ,

District Audit Office,Kannur

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം കെ എസ് എ കെ എൻ ആർ.സി19/180 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ഫോൺ 04972-707698

ഇ – മെയിൽ lfaddistofficeknr@gmail.com

തീയതി:8.02.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ.